**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 652 29.05.2019-ലെ മറുപടിയ്ക്ക്

## കോതമംഗലം എം.എ. കോളേജിൽ ഖേലോ ഇന്ത്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായികരംഗത്ത് നിരവധി ദേശീയ അന്തർദേശീയ ഒളിമ്പ്യൻ താരങ്ങളെ വളർത്തിയെടുത്തിട്ടുള്ള കോതമംഗലം എം.എ. കോളേജിനെ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി), (സി), & (ഡി) | ഖേലോ ഇൻഡ്യ പദ്ധതിയുടെ കീഴിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് കോതമംഗലം എം.എ കോളേജ് സമർപ്പിച്ച അപേക്ഷയിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമായ തിരുത്തലുകൾ വരുത്തി സമർപ്പിക്കുവാൻ കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷയിലെ സീരിയൽ നം.9 ന് നൽകേണ്ട വിവരങ്ങൾ വസ്തുതാപരമല്ലാത്തതിനാൽ ആയത് തിരുത്തി ലഭിക്കേണ്ടതുണ്ട്. കൂടാതെ നിർദ്ദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം, വസ്തുവിന്മേൽ നിലനിൽക്കുന്ന ബാധ്യതകൾ തുടങ്ങിയവ സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് കൃത്യത വരുത്തി സംസ്ഥാന സർക്കാരിന്റെ ശുപാർശ സഹിതം അപേക്ഷ തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന് അയച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത അപേക്ഷ കേന്ദ്ര കായിക മന്ത്രാലയത്തിലേക്ക് അയക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (ഡി) | കോതമംഗലം എം.എ. കോളേജിനെ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**